**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**
**(ഹാജർ – ശ്രീ.ജോമോൻ.കെ.ജോർജ്ജ്, ബി.ടെക്)**

**ഉത്തരവ് നമ്പർ : എച്ച്.ഇ.സി.ഇ/06/2021/ബി1 തീയതി. 09/12/2021**

വിഷയം :- ജീവനക്കാര്യം- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്- ക്ലർക്ക് തസ്തികയിൽ സ്ഥലംമാറ്റം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഹാർബർ എഞ്ചിനീയറിംഗ് കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 23/11/2021 തീയതിയിലെ ഇ1-2473/2021/ഇഇ/കെ.എൽ.എം നമ്പർ കത്ത്.

2. ക്ലർക്ക് ശ്രീ. ആർ. ബിജുവിന്റെ 15/11/2021 തീയതിയിലെ അപേക്ഷ.

നീണ്ടകര ഫിഷിംഗ് ഹാർബറിലെ തൊഴിലാളികൾക്ക് പാസ് കൈമാറ്റം ചെയ്തതിലെ ഗുരുതര ക്രമക്കേടുമായി ബന്ധപ്പെട്ട് ടി കാര്യാലയത്തിലെ ക്ലർക്ക് ശ്രീ. എ. സുരേഷ്കുമാറിനെതിരെ അച്ചടക്ക നടപടി തുടരുന്ന സാഹചര്യത്തിൽ ടിയാനെ അടിയന്തിരമായി കൊല്ലം ഡിവിഷന്റെ അധികാരപരിധിയിൽ നിന്നും മറ്റൊരു കാര്യാലയത്തിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കണമെന്ന് കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ പരാമർശം(1) പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു. കൊല്ലം ജില്ലയിലെ ഏതെങ്കിലും ഓഫീസിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ക്ലർക്ക് ശ്രീ. ആർ.ബിജു പരാമർശം(2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചുവടെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഹാർബർ എഞ്ചിനീയറിംഗ് നീണ്ടകര സബ് ഡിവിഷൻ കാര്യാലയത്തിലെ ക്ലർക്ക് ശ്രീ. എ. സുരേഷ്കുമാറിനെ ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്കും ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ക്ലർക്ക് ശ്രീ. സി.സുരേഷ്ബാബുവിനെ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലേയ്ക്കും സ്ഥലംമാറ്റി നിയമിക്കുന്നു.
2. ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ക്ലർക്ക് ശ്രീ. ആർ. ബിജുവിനെ നീണ്ടകര സബ് ഡിവിഷൻ കാര്യാലയത്തിൽ ശ്രീ. എ.സുരേഷ്കുമാറിനെ സ്ഥലം മാറ്റിയ ഒഴിവിൽ നിയമിക്കുന്നു. ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

ഒപ്പ്
ചീഫ് എഞ്ചിനീയർ

വ്യക്തികൾക്ക് (ഓഫീസ് മേധാവി മുഖേന)

പകർപ്പ് :
സൂപ്രണ്ടിംഗ് എഞ്ചിനീയർ, ദക്ഷിണമേഖല, തിരുവനന്തപുരം
എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊല്ലം
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നീണ്ടകര

ഉത്തരവിൻപ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T6/Pr